# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 368**

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.***

കർത്താവിൽ വാത്സല്യമുള്ളവരെ,

കുട്ടികളിൽ ദിശാബോധം വളർത്തിയെടുക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാണല്ലോ. ചെറുപ്രായത്തിൽത്തന്നെ ധാർമ്മികതയിലൂന്നിയ വിദ്യാഭ്യാസം അവർക്ക് നൽകേണ്ടത് നമ്മുടെ കടമയാണ്. ക്രിസ്തീയ മൂല്യങ്ങൾ അടിസ്ഥാനമാക്കിക്കൊണ്ടാവണം നമ്മുടെ കുട്ടികൾ അറിവിന്റെ അഭ്യസനം ആരംഭിക്കേണ്ടത്.

എല്ലാ വർഷവും ജൂൺ മാസം ആദ്യ ഞായറാഴ്ച വിദ്യാരംഭ സ്തോത്ര ശുശ്രൂഷ നമ്മുടെ ഇടവകകളിൽ ക്രമീകരിച്ചു വരികയായിരുന്നല്ലോ. കോവിഡ്–19 മൂലം ആരാധന നടത്തുവാൻ സാധിക്കാത്ത സാഹചര്യം ഉളവായിരിക്കുന്നു. ഇടവകയിലെ കുഞ്ഞുങ്ങൾക്ക് വിദ്യാരംഭം കുറിക്കുന്നതിനുള്ള ക്രമീകരണം ഓരോ ഇടവകയിലും വികാരിയുടെ നേതൃത്വത്തിൽ ലോക്ഡൗൺ നിയന്ത്രണങ്ങൾ മാറുമ്പോൾ ആവശ്യാനുസരണം ചെയ്യാവുന്നതാണ്.

"യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു" എന്ന തിരുവചന സത്യത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന് തുടക്കമിടുന്നതിനും അവരുടെ ഭാവി ജീവിതത്തിനു എല്ലാ അനുഗ്രഹങ്ങളും ഉണ്ടാകുന്നതിനും ഏവരും പ്രാർത്ഥിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു.

ഉത്തമവും ഉദാത്തവുമായ മാർഗ്ഗങ്ങളിലൂടെ അവരെ നയിക്കുന്നതിനും സാമൂഹികനന്മ ലക്ഷ്യമാക്കി സഭാസ്നേഹത്തിൽ അവരെ വളർത്തുന്നതിനും ഈ ക്രമീകരണം സഹായകമാകുന്നതിനു കർത്താവ് സഹായിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2020 ജൂൺ മാസം 1–ാം തീയതി,

J mmalabar

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**